(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.5/2036/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം ജില്ല
ഇ-മെയിൽ lfadtvm@yahoo.in

തീയതി.29.11.2016.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാറനല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാറനല്ലൂർ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.റ്റി.വി.എം..ജി.പി.5/2036/2016 തീയതി 29.11.2016

തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.5.2016 മുതൽ 4.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ജമാലുദ്ദീൻ. എ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 5.11.2016 മുതൽ 11.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | |
| | ശ്രീ. എം മുഹമ്മദ് സലീം | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. കെ. മധു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബി. സുരേഷ്ബാബു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. എസ്. അജികുമാർ | സിനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| രസിഡന്റ് | ശ്രീ. എൻ. ഭാസുരാംഗൻ,<br>ശ്രീ. കുമാരി മായ. പി.എസ്. | 1.4.2015 മുതൽ 31.10.2015 വരെ<br>19.11.2015 മുതൽ 31.3.2015 വരെ |

| | | |
|---|---|---|
| | | |
| സെക്രട്ടറി | ത്രേസ്യാമ്മ ആന്റണി | 1.4.2015 മുതൽ 31.3.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ലിജു. | 1.4.2015 മുതൽ 31.3.2016 വരെ |
| വി.ഇ.ഒ | ശ്രീ. ശിബികുമാർ<br>ശ്രീമതി രമ്യ | 1.4.2015 മുതൽ 31.3.2016 വരെ<br>1.4.2015 മുതൽ 31.3.2016 വരെ |
| ഹെഡ് മാസ്റ്റർ. | ശ്രീ. വിവേകാനന്ദൻ | 1.4.2015 മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീ. ഐയ്യങ്കൺ .. | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി.) | ശ്രീ. മഹേഷ് | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ശ്രീ. അനുചന്ദ്രൻ | 1.4.2015 മുതൽ 31.3.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി കെ.എസ്. ഷീബ | 1.4.2015 മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. സിന്ധു. എം.എസ്. | 1.4.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ശാന്തി വിജയഭാരതി | 1.4.2015 മുതൽ 31.3.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ഷീംന | 1.4.2015 മുതൽ 31.3.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1.2 | |

| | | | |
|---|---|---|---|
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമപദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 | |
| ഭാഗം 2 | | | |
| 12 | ലേല തുക അടവ് വരുത്തുന്നതിൽ കുറവ് | 2.1 | |
| 13 | ഡി & ഒ ലൈസൻസ്- ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 2.2 | |
| 14 | പരസ്യ നികുതി ഈടാക്കുന്നില്ല. | 2.3 | |
| 15 | തൊഴിൽ നികുതി - ആകെ വരുമാനം ഉറപ്പാക്കണം | 2.4 | |
| 16 | തൊഴിൽ നികുതി, സ്ഥാപന നികുതി ഈടാക്കുന്നില്ല | 2.5 | |
| 17 | കെട്ടിടം-പെർമിറ്റ് ഈടാക്കിയത് കുറവ് | 2.6 | |

| | | | |
|---|---|---|---|
| ഭാഗം 3 | | | |
| 18 | പോഷകാഹാര പദ്ധതി - ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിൽ കുറവ് | 3.1 | |
| 19 | വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 3.2 | |
| 20 | റോഡ് കോൺക്രീറ്റ് അധിക നിരക്ക് നൽകി | 3.3 | |
| 21 | ചെലവ് രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു. | 3.4 | |
| 22 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി അകാരണമായി അധികരിക്കുന്നു. | 3.5 | |
| 23 | ടാർ വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 3.6 | |
| 24 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കുന്നതിൽ കാലതാമസം | 3.7 | |
| 25 | "അതുല്യം" സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി - 200000/- രൂപ തടസ്സപ്പെടുത്തുന്നു | 3.8 | |
| 26 | പദ്ധതി ചെലവ് രേഖകൾ ഹാജരാക്കിയില്ല – 301766/- രൂപ തടസ്സപ്പെടുത്തുന്നു. | 3.9 | |
| 27 | സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം - അപാകതകൾ - നഷ്ടം 11018/- രൂപ | 3.10 | |
| 28 | കുഴിവിള അംഗൻവാടിക്ക് ചാറ്റുമതിലും - അനുബന്ധ പദ്ധതികളും - അപാകതകൾ | 3.11 | |
| 29 | ഇ.എം.എസ്. ഭവന പദ്ധതി - 392827/- രൂപ സഹകരണ ബാങ്കുകളിൽ നിർജ്ജീവമായി സൂക്ഷിക്കുന്നു. | 3.12 | |

| | | | |
|---|---|---|---|
| | | | |
| ഭാഗം 4 | | | |
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം(ഉണ്ടെങ്കിൽ) | 4.1 | |
| 30 | ഡെപ്പോസിറ്റ് വർക്കിന് നൽകിയിരുന്ന പ്രവൃത്തികളുടെ വിശദാംശം | 4.2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്(ഉണ്ടെങ്കിൽ) | 4.3 | |
| 32 | വായ്പ വായ്പ തിരിച്ചടവ് | 4.4 | |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 34 | ഓഡിറ്റ് റിക്കവറി | 4.6 | |
| 35 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികളുടെ വിശദാംശം | 4.7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 30.3.2015 തിയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 21.7.2016 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | | ------- |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 37079998.55 |
| വരവ് | 64060108.00 |
| ആകെ | 101140106.55 |
| ചെലവ് | 86668707.00 |
| നീക്കിയിരിപ്പ് | 14471399.55 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5567144 | 14072531 | 19639675 | 19639675 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 1784415 | 8346422 | 10130837 | 10130837 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 72000 | 182500 | 254500 | 254500 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 2507915 | 12799859 | 15307774 | 15307774 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1254227 | 4461316 | 5715543 | 5715543 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3967315 | 5010146 | 8977461 | 8977461 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 4785000 | -5737 | 4779263 | 4779263 | 16875 | 100 |
| എം.എൻ.ആർ. ഇ.ജി. എസ്. | 167886 | 36028164 | 36196050 | 36179175 | -- | 9 |
| ബി ഫണ്ട് | -- | 46879230 | 46879230 | 46879230 | 0 | 100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 5534417 | 10879499 | 16413916 | 8554939 | 7858977 | 100 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (സ്പിൽ ഓവർ ഉൾപ്പെടെ എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 211 | | 198 | | 24 | 13 | 82 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (സ്പിൽ ഓവർ ഉൾപ്പെടെ | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| എണ്ണം) | | | | | | |
| 211 | | 198 | | 24 | 13 | 82 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം 2014-15 | തൻവർഷം 2015-16 | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 3330934 | 3473973 | 143039 |
| നികുതിയേതര വരവുകൾ | 429541 | 569715 | 140174 |
| മറ്റു വരവുകൾ | 807346 | 520000 | -287346 |
| ആകെ | 4567821 | 4563688 | -4133 |


## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം 2014-15 | തൻവർഷം 2015-16 | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 3330934 | 3473973 | 143039 |
| നികുതിയേതര വരവുകൾ | 429541 | 569715 | 140174 |
| മറ്റു വരവുകൾ | 807346 | 520000 | -287346 |
| ആകെ | 4567821 | 4563688 | -4133 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം 2014-15 | തൻവർഷം 2015-16 | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 3330934 | 3473973 | 143039 |
| നികുതിയേതര വരവുകൾ | 429541 | 569715 | 140174 |
| മറ്റു വരവുകൾ | 807346 | 520000 | -287346 |
| ആകെ | 4567821 | 4563688 | -4133 |


## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1550280 | 1072 |
| കർഷകതൊഴിലാളി പെൻഷൻ | 4824360 | 601 |
| വിധവാപെൻഷൻ | 17154920 | 1800 |
| വാർദ്ധക്യകാലപെൻഷൻ | 16534980 | 1968 |
| വികലാംഗപെൻഷൻ | 5279890 | 518 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 480000 | 16 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം ( Above 50 Years) | 1046800 | 104 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1550280 | 1072 |
| കർഷകതൊഴിലാളി പെൻഷൻ | 4824360 | 601 |
| വിധവാപെൻഷൻ | 17154920 | 1800 |
| വാർദ്ധക്യകാലപെൻഷൻ | 16534980 | 1968 |
| വികലാംഗപെൻഷൻ | 5279890 | 518 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 480000 | 16 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം ( Above 50 Years) | 1046800 | 104 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന5.11.2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26573/- രൂപ ക്യാഷ് ബാലൻസിന്റ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.10.2016 | 1.9.2016 മുതൽ 30.9.2016 വരെ | 18.10.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.4.2015 മുതൽ 7.5.2015 വരെ | 2010-2011 മുതൽ 2014-2015 വരെ | 1.7.2015 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലേലം - തുക അടവു വരുത്തുന്നതിൽ കുറവ് വരുത്തി - നഷ്ടം 300/-

മാറനല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഫലവൃക്ഷങ്ങളുടെ ആദായമെടുക്കവാൻ ലേലം കൊണ്ട വ്യക്തികൾ തുക അടവു വരുത്തുന്നതിൽ വീഴ്ച വരുത്തിയതായി ലേല രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു.

| ഇനം | ലേലക്കാരൻ | ലേല തുക | അടച്ച തുക EMD | ബാക്കി |
|---|---|---|---|---|
| 1) ഊരൂട്ടമ്പലം മാർക്കറ്റിൽ നിൽക്കുന്ന ഒരു മൂട് മാവിൽ നിന്നും മേലാദായം എടുക്കുന്നതിനുള്ള അവകാശം | സലീം | 150 | 50 | 100 |

| | | | | |
|---|---|---|---|---|
| | | | | |
| 2) മുടന്തിക്കര കുളനാണ്ടിൽ നിൽക്കുന്ന 4 മൂട് തെങ്ങ്, മുടന്തിക്കര ആശുപത്രിക്ക വേണ്ടി പഞ്ചായത്ത് വാങ്ങിയ സ്ഥലത്തെ 15 മൂട് തെങ്ങ് - എന്നിവയുടെ ആദായം എടുക്കുന്നതിനുള്ള അവകാശം | അബ്ദുൾ റഹീം | 500 | 300 | 200 |
| ആകെ | | | | 300/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 31. തീയതി 11.11.2016) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ നഷ്ടതുകയായ 300/- രൂപ ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് - ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1998ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കാർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിലെ കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ഇപ്രകാരമുള്ള രജിസ്റ്റർ ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ഇതു കാരണം ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളെ കണ്ടെത്തുക എന്നത് പ്രയാസമാണ്. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോട് കൂടി സൂക്ഷിക്കേണ്ടതാണ്.

## 2-3 പരസ്യനികുതി ഈടാക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഗ്രാമപഞ്ചായത്തിന് അതിന്റെ അധികാരപരിധിയിൽ പ്രദർശിപ്പിച്ചിട്ടുള്ള ഏതൊരു പരസ്യത്തിനും പരസ്യനികുതി ഈടാക്കാവുന്നതാണ്. പഞ്ചായത്തിന്റെ തനതു വരുമാനമായ പരസ്യനികുതി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ബൈലോ പാസാക്കി പരസ്യനികുതി ഈടാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽനികുതി - ആകെ വരുമാനം ഉറപ്പ് വരുത്തണം

1996ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 204(3) പ്രകാരം ഒരാൾക്ക് ഒരു അർദ്ധ വർഷം വീട്ടു വാടകബത്ത, യാത്രാഅലവൻസ്, യാത്രാ സൗകര്യ അലവൻസ് എന്നിവ ഒഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള ആകെ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ 2015-16 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിലെ പല സ്ഥാപനങ്ങളും സമർപ്പിച്ചിട്ടുള്ള അർദ്ധവാർഷിക വരുമാന പത്രികയിൽ ജീവനക്കാരുടെ ആർജ്ജിതാവധി പണമാക്കൽ, ബോണസ്/ഉത്സവബത്ത എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ അർദ്ധവാർഷിക വരുമാനം കണക്കാക്കുന്നതിൽ കുറവുണ്ടാകും. സ്ഥാപനങ്ങൾ സമർപ്പിക്കേണ്ട വരുമാന പത്രികയിൽ മേൽ ഇനങ്ങൾ കൂടി ഉൾപ്പെടുത്തി അർദ്ധവാർഷിക വരുമാനം കണക്കാക്കി തൊഴിൽ നികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-5 തൊഴിൽനികുതി , സ്ഥാപനനികുതി എന്നിവ ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ലിമിറ്റഡ് ഓഫീസ്, മാറനല്ലൂർ 2015-16 ഒന്നാം

അർദ്ധവർഷം സ്ഥാപന നികുതിയും വെള്ളൂർക്കോണം ക്ഷീരോത്പാദക സഹകരണസംഘം (MPCST) എന്ന സ്ഥാപനം 2008-09 സാമ്പത്തിക വർഷം മുതൽ നാളിതുവരെയുള്ള ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന നികുതിയും അടച്ചിട്ടില്ല. ഇക്കാര്യം 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നെങ്കിലും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 04 ന് കുടിശ്ശിക പിരിച്ചെടുക്കാൻ ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക കാലഹരണപ്പെടാതെ പിരിച്ചെടുക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 കെട്ടിട നിർമ്മാണ പെർമിറ്റ് ഈടാക്കിയതിൽ കുറവ് നഷ്ടം 807/-

കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുമ്പോൾ ഗാർഹികാവശ്യത്തിനുള്ളതിന് ചതുരശ്രമീറ്ററിന് 3/- രൂപ, ഗാർഹികേതരത്തിനുള്ളതിന് ചതുരശ്രമീറ്ററിന് 5/- രൂപ എന്നീ നിരക്കുകളിലാണ് ഫീസ് ഈടാക്കേണ്ടത് (കാറ്റഗറി -II) എന്നാൽ താഴെപ്പറയുന്ന വ്യക്തികൾക്ക് പെർമിറ്റ് അനുവദിച്ചപ്പോൾ ഈടാക്കിയ ഫീസ് നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനേക്കാൾ കുറവാണ്.

| പേര് മേൽവിലാസം | വിസ്തീർണ്ണം (ച.മീ.) | | പിരിച്ചെടുക്കേണ്ട തുക (രൂ) | പിരിച്ചെടുത്ത തുക (രൂ.) | കുറവ് (രൂ) |
|---|---|---|---|---|---|
| | ഗാർഹികം | വാണിജ്യം | | | |
| 1) ശ്രീ. അജയകുമാർ ബി.പി ബംഗ്ലാവ്, ചീനിവിള | 94.47 | 12.92 | 348 | 65 | 283 |
| 2) ശ്രീ. കാർവർണ്ണൻ, വാസന്തി ഭവൻ, അരുമാളൂർ | 123.24 | 15.56 | 448 | 416 | 32 |
| 3) ശ്രീ. ബാബുരാജ്, ഇന്ദു ഭവൻ, വെള്ളൂർക്കോണം. | -- | 114 | 570 | 540 | 30 |
| 4) ശ്രീമതി കെ.ജി.ശ്രീകലാദേവി, സുദർശനം, കണ്ടമൺഭാഗം | 175.22 | 23.81 | 645 | 600 | 45 |
| 5) ശ്രീ. അലോഷ്യസ്, എ.എസ്. നിവാസ്, ളുങ്ങാംപാറ | 97.42 | 22.25 | 404 | 337 | 67 |
| 6) ശ്രീ. സ്റ്റീഫൻ, മണലിവിളപുത്തൻവീട്, മാറനല്ലൂർ | 46.64 | 225.16 | 1266 | 916 | 350 |
| ആകെ | | | | | 807 |

കുറവായി ഈടാക്കിയ പെർമിറ്റ് ഫീസ് ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ ഒടുക്കു വരുത്തേണ്ടതാണ്. അല്ലായെങ്കിൽ സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെയും ബാധ്യതയാകുന്നതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അനുപൂരക പോഷകാഹാര പദ്ധതി - ഭക്ഷ്യ വസ്തുക്കൾ സ്റ്റോക്കിൽ കുറവ് - 7740/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - 21/2016

അടങ്കൽ തുക - 2100000/-

ബിൽ നം., തീയതി - 01/2015-16 , 29.7.2015

നിർവഹണോദ്യോഗസ്ഥ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

2015-16 സാമ്പത്തിക വർഷം വികസന ഫണ്ടിൽ നിന്നും 1100000/- രൂപയും കേന്ദ്ര സർക്കാർ

വിഹിതമായ 1000000/- രൂപയും ചേർത്ത് ആകെ 2100000/- രൂപ വകയിരുത്തി നടപ്പിലാക്കിയ അനുപൂരക പോഷകാഹാര പദ്ധതി അങ്കണവാടികളിലൂടെ ഭക്ഷണം വിതരണം ചെയ്യാൻ ലക്ഷ്യം വച്ചിട്ടുള്ളതായിരുന്നു. ഇതിനായി ഊരുട്ടമ്പലം സർവ്വീസ് സഹകരണ ബാങ്ക് നീതി സ്റ്റോറിൽ നിന്നും 23.6.2015 ന് വാങ്ങി 24.6.2015 ന് വിവിധ അങ്കണവാടികളിൽ വിതരണം ചെയ്തിട്ടുള്ള ഭക്ഷ്യ വസ്തുക്കളുടെ ബിൽ പ്രകാരമുള്ള അളവും സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള അളവും പരിശോധിച്ചപ്പോൾ താഴെ പറയുന്ന വ്യത്യാസങ്ങൾ കാണപ്പെട്ടു.

| ഇനം. | ബിൽ പ്രകാരമുള്ള അളവ് | സ്റ്റോക്ക് പ്രകാരം അളവ് | വ്യത്യാസം | നിരക്ക് (ബിൽ പ്രകാരം) | നഷ്ടം (രൂ.) |
|---|---|---|---|---|---|
| 1) പച്ചരി | 600 കി.ഗ്രാം. | 565 കി.ഗ്രാം | 35 കി.ഗ്രാം. | 35 | 1225 |
| 2) അവൽ | 660 കി.ഗ്രാം. | 620 കി.ഗ്രാം. | 40 കി.ഗ്രാം | 65 | 2600 |
| 3) പയർ | 307 കി.ഗ്രാം | 301 കി.ഗ്രാം. | 6 കി.ഗ്രാം. | 110 | 660 |
| 4) എണ്ണ | 328 കവർ | 307 കവർ | 21 കവർ | 155 | 3255 |
| ആകെ | | | | | 7740 |

സ്റ്റോക്ക് രജിസ്റ്ററിൽ പുതുവൽ, കുഴിവിള , കുരിശോട്ടുകോണം എന്നീ അങ്കണവാടികളിലെടുത്തിട്ടുള്ള സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 32 ന് മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ലാത്ത ഭക്ഷ്യ വസ്തുക്കളുടെ ബിൽ പ്രകാരമുള്ള തുകയായ 7740/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. - 422202/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താ ഴെപറയുന്ന പദ്ധതികളുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.

| പ്രോജക്ടിന്റെ നം. പേര് | ബിൽ നം. തീയതി | തുക | പ്രോജക്ട് നിർവഹിച്ചത്. |
|---|---|---|---|
| 1) പ്രോജക്ട് നം. 117/16 പഞ്ചായത്ത് കെട്ടിടങ്ങളുടെ വൈദ്യുതീകരണം, സെർവർ റൂമിൽ എസി സ്ഥാപിക്കൽ | 18/16.9.2015<br>55/27.3.2016 | 277200<br>95502 | പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗ്സ് സബ് ഡിവിഷൻ തിരുവനന്തപുരം. |
| 2) പ്രോജക്ട് നം. 09/16 അംഗനവാടികളുടെ | 9/15.7.2015 | 49500 | |

| | | | |
|---|---|---|---|
| വൈദ്യുതീകരണം | | | |
| ആകെ | | 422202 | |

മേൽ പ്രോജക്ടുകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കി 422202/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 റോഡ് കോൺക്രീറ്റിംഗിനു അധിക നിരക്ക് നൽകി

റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ഡിഎസ്ആർ സബ് ഹെഡ് 4 പ്രകാരമുള്ള നിരക്കുകളാണ് അനുവദനീയമെന്നിരിക്കെ ഫ്ലോറിംഗ് പ്രവൃത്തികൾക്കു ബാധകമായ ഡിഎസ്ആർ 11 പ്രകാരമുള്ള അധിക നിരക്ക് അനുവദിച്ചത് സാമ്പത്തിക നഷ്ടത്തിന് ഇടയാക്കി.

അനുവദനീയമായ തുക

ഡി.എസ്.ആർ 4.1.3 പ്രകാരം 6790.81 / m□

അനുവദിച്ച തുക

ഡി.എസ്.ആർ 11.7 പ്രകാരം 7154.68 / m□

(പ്രസ്തുത നിരക്ക് ബ്രിക്ക് വർക്കിനു മുകളിൽ ചെയ്യുന്ന കോൺക്രീറ്റിനാണ് ബാധകം)

| പ്രോജക്ടിന്റെ വിശദാംശം | പ്രവൃത്തി നിർവഹിച്ചതിന്റെ അളവ് | അനുവദിച്ച തുക | അനുവദനീയമായ തുക | അധിക തുക | ബിൽ നം. / തുക |
|---|---|---|---|---|---|
| 1) പുന്നക്കാട്ട് വിള ഇടവഴി കോൺക്രീറ്റിംഗ് എം. ബുക്ക് - 281/15-16 എസ്റ്റിമേറ്റ്-250000/- കൺവീനർ-ശ്രീ.സതികുമാർ പ്രോ. നം. 76/16 | 8.688 m□ | 62159.86 | 58999 | 3161 | 46/15-16 30.10.2015 amt- 196913/- |
| 2) പ്ലാവിള പൊന്നറവിളാകം റോഡ് എം.ബുക്ക് നം. 249/15-16 എസ്റ്റിമേറ്റ് - 200000/- കൺവീനർ - ജിനേഷ് പ്രോ. നം. 123/16 | 9.550 m□ | 68327.19 | 64852 | 3475 | 58/15-16 11.12.2015 Amt 200000/- |
| 3) ക്ഷീരവെള്ളൂർകോണം നടപ്പാത എം. ബുക്ക് നം.894/14-15 എസ്റ്റിമേറ്റ് -200000/- കൺവീനർ ശശിധരൻ പ്രോജക്ട് 99/16 | 8.80 m□ | 62961.18 | 59759 | 3202 | 11/15-16 24.8.2015 amt 199816/- |
| 4) പുത്തൻകാവുവിള നടുത്തട്ട് കോൺക്രീറ്റ് എം.ബുക്ക് 279/15-16 എസ്റ്റിമേറ്റ് - 230000/- കൺവീനർ അശോകൻ. ബി. പ്രോജക്ട് 88/16 | 9.124 m□ | 65279.30 | 615959 | 3320 | 45/30.10.15 amt 207376/- |

| | | | | | | |
|---|---|---|---|---|---|---|
| 5) കണ്ടല ഹരിജൻ കോളനി നടപ്പാത എം.ബുക്ക് 370/15-16 എസ്റ്റിമേറ്റ് - 150000/- കൺവീനർ - ശ്രീജിത്ത് പ്രോജക്ട് 52/16 | 6.423 m | 45933.00 | 43618 | 2316 | 94/15-16<br>29.2.2016<br>amt<br>140832/- |
| 6) ബാങ്ക്നടഅയ്യാമത്തുകോണം റോഡ് എം.ബുക്ക്383/15-16 എസ്റ്റിമേറ്റ് 205000/- (കൃഷ്ണൻകുട്ടി) പ്രോജക്ട് 62/16 | 9.30 m | 66538.52 | 63155 | 3384 | 86/15-16<br>26.12.2016<br>amt<br>204593/- |
| 7) കരിച്ചാറ ഇടവഴി എം.ബുക്ക്209/15-16 എസ്റ്റിമേറ്റ് -400000/- കൺവീനർ കൃഷ്ണൻകുട്ടി പ്രോജക്ട് 61/16 | 16.55 m | 118409.95 | 112388 | 6022 | 56/AE<br>31.10.2015<br>amt<br>374769/- |
| 8) മാവുവിള ആനനട റോഡ് എം.ബുക്ക് - 250/15-16 എസ്റ്റിമേറ്റ് - 498000/- കൺവീനർ - രാജേഷ് പ്രോജക്ട് - 64/16 | 21.215 m | 151679.22 | 144067 | 7612 | 60/AE<br>11.12.2015<br>amt<br>497367/- |
| 9) കുളപ്പള്ളി വിളാകം എം.ബുക്ക് 247/15-16 എസ്റ്റിമേറ്റ് 450000/- കൺവീനർ ശ്രീജിത്ത് പ്രോജക്ട് 53/16 | 18.47 m | 132146.94 | 125426 | 6721 | |
| 10) പെരുംകുളം കിഴക്കേക്കര എം.ബുക്ക് 367/15-16 എസ്റ്റിമേറ്റ് 495000/- കൺവീനർ രാമചന്ദ്രൻ നായർ പ്രോജക്ട് 55/16 | 24.705 m | 176362.86 | 167767 | 8596 | 82/AE<br>12.2.2016<br>amt<br>495000/- |
| 11) വാഴപ്പള്ളി ഇടവഴി എം.ബുക്ക് 280/15-16 എസ്റ്റിമേറ്റ് 250000/- കൺവീനർ സതികുമാർ പ്രോജക്ട് 75/16 | 9.363 m | 66989.27 | 63582 | 3407 | 54/AE<br>30.10.2015<br>amt<br>215052/- |
| 12) ശ്രീധർമ്മശാസ്താ ക്ഷേത്രം നടപ്പാത എം.ബുക്ക് 361/15-16 എസ്റ്റിമേറ്റ് 250000/- കൺവീനർ അഞ്ജു വി.എസ്. പ്രോജക്ട് 102/16 | 11.91 m | 84425.22 | 80879 | 3547 | 73/AE<br>16.1.2016<br>amt<br>249920 |

| | | | | | |
|---|---|---|---|---|---|
| 13) പ്ലാവിള കരിയംകോണം ഇടവഴി എം.ബുക്ക് 10/15-16 എസ്റ്റിമേറ്റ് 100000/- കൺവീനർ ജിതേഷ് പ്രോജക്ട് 203/16 | 4 m | 28618.72 | 271632 | 1455 | 123/AE 30.3.2011 amt 100000/- |
| 14) വാണിയംകോട് എസ്.സി. കോളനി റോഡ് എംബുക്ക് 82/16 എസ്റ്റിമേറ്റ് 200000/- കൺവീനർ ശശിധരൻ പ്രോജക്ട് 96/16 | 15.29 m | 107320.20 | 103831 | 3488 | 27/AE 14.9.2015 amt 200000/- |
| 15) കോട്ടമുകൾ മടവൻകോട് നടപ്പാത എം.ബുക്ക് 131/15-16 എസ്റ്റിമേറ്റ് 303249/- കൺവീനർ ചന്ദ്രൻ പ്രോജക്ട് 110/16 | 14.078 m | 100165.52 | 95601 | 4564 | 26/AE 11.9.2015 amt 303211 |
| 16) മണ്ണടിക്കോണം അംഗൻവാടി നടപ്പാത എം.ബുക്ക് 59/ 15-16 എസ്റ്റിമേറ്റ് 200000/- കൺവീനർ ചന്ദ്രൻ പ്രോജക്ട് 113/16 | 8.50 m | 60814.78 | 57723 | 3093 | 19/AE 31.8.2015 amt 198315/- |
| 17) സരസ്വതി വിലാസം പാലോട്ടുകോണം എം.ബുക്ക് 285/15-16 എസ്റ്റിമേറ്റ് 340000/- കൺവീനർ ഹേമലത പ്രോജക്ട് 126/16 | 14.50 m | 103742.86 | 98466 | 5276 | 49/AE 30.10.2015 amt 339919/- |
| 18) മരുവത്തൂർകോണം ചെറുകര നടപ്പാത എം.ബുക്ക് 149/15-16 കൺവീനർ വിജയകുമാർ പ്രോജക്ട് 134/16 എസ്റ്റിമേറ്റ് 300000/- | 14.05 m | 100523.25 | 95410 | 5112 | 39/AE 30.9.2015 amt 300000/- |
| 19 ) വടക്കേവിള അംഗൻവാടി ഇടവഴി എം.ബുക്ക് 244/15-16 കൺവീനർ ജയദാസ് പ്രോജക്ട് 74/16 എസ്റ്റിമേറ്റ് 275000/- | 12.387m | 88625.02 | 84117 | 4507 | 50/AE 30.10.2015 amt 274599/- |
| 20) നീറമൺകുഴി സഖാവ് ലൈൻ ചാനൽ ബണ്ട് നടപ്പാത എം.ബുക്ക് 83/15-16 എസ്റ്റിമേറ്റ് 300000/- കൺവീനർ അഞ്ജു .വി.എസ്. , പ്രോജക്ട് 105/16 | 8.20 m | 58668.38 | 55685 | 2983 | 29/AE 14.9.2015 amt 215473/- |

| | | | | | |
|---|---|---|---|---|---|
| 21) ചെറുകര ലക്ഷം വീട് കോളനി നടപ്പാത എം.ബുക്ക് 150/15-16 എസ്റ്റിമേറ്റ് 300000/- കൺവീനർ വിജയകുമാർ പ്രോജക്ട് 46/16 | 20.299 m² | 145232 | 137847 | 7385 | 40/AE 30.9.2015 amt 300000/- |
| ആകെ | | | | | 92626/- |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 1 തീയതി 7.11.2016ന് തിരുവനന്തപുരം ജില്ലയിൽ ഈ നിരക്കാണ് സ്വീകരിച്ചിട്ടുള്ളത് എന്ന തൃപ്തികരമല്ലാത്ത മറുപടിയാണ് ലഭ്യമാക്കിയത്. മേൽ വിവരിച്ച റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് അധികം നൽകിയ 92626/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ കോൺട്രാക്ടറിൽ നിന്നോ ഈടാക്കി വിവരം ആഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു

മാറനല്ലൂർ ഗ്രാമപഞ്ചാത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തിയുടെ ചെലവ് രേഖകളും അനുബന്ധ വിവരങ്ങളും ലഭ്യമാക്കിയില്ല.

പ്രവൃത്തി - തേവരക്കോട് മൂലയിൽവിള റോഡ് മെറ്റലിംഗ്

എം.ബുക്ക് - 401/15-16

എസ്റ്റിമേറ്റ് - 499000/-

കൺവീനർ - ശ്രീ. സജികുമാർ.

പ്രോജക്ട് - 116/16

ബിൽ നം. - 116/AE/30.3.2016

തുക - 499000/-

ടി പ്രവൃത്തിയ്ക്ക് ഉപയോഗിച്ച സാധനങ്ങളുടെ അളവ്, അവ വാങ്ങാൻ ചെലവഴിച്ച തുക, റോഡ് റോളറിന് മണിക്കൂറിൽ നൽകിയ തുക എന്നിവ പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഒന്നും ഫയലിൽ ലഭ്യമല്ല. ആയതിനാൽ ചെലവ് തുക 499000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുന്നു.

## 3-5 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി അകാരണമായി അധികരിക്കുന്നു

മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 2015-16 കാലയളവിൽ നിർവഹിച്ച പല പ്രവൃത്തികളും നിർമ്മാണ കാലാവധി കഴിഞ്ഞ് മാസങ്ങൾക്ക് ശേഷമാണ് പൂർത്തിയായിട്ടുള്ളത്. ഈ പ്രവൃത്തികൾ ഏറ്റെടുത്ത കൺവീനറോ, കരാറുകാരനോ പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിട്ടതിന്റെ കാരണം കാണിച്ചു കത്തു നൽകാതെ തന്നെ പഞ്ചായത്ത് കമ്മിറ്റി പ്രവൃത്തികൾക്ക് അധിക സമയം നൽകാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആയതിനാൽ സമയബന്ധിതമായി പല പദ്ധതികളും പൂർത്തിയായിട്ടില്ല.

ഉദാഹരണമായി മുടന്തിക്കര അംഗൻവാടി കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് 19.11.2015ൽ കരാർ ഒപ്പ് വച്ച് സ്ഥലം കൈമാറിയെങ്കിലും 18.2.2016ന് (3 മാസം) പൂർത്തിയാവേണ്ട പ്രവൃത്തി 6 മാസങ്ങൾക്ക് ശേഷം 26.8.2016നാണ് പൂർത്തിയായത്. കാലതാമസം നേരിട്ടതിനുള്ള യാതൊരു വിശദീകരണവും ഫയലിൽ ലഭ്യമല്ല.

മേലിൽ ഇത്തരത്തിലുള്ള അകാരണമായ കാലതാമസം പ്രവൃത്തികളുടെ നിർവഹണത്തിൽ ഉണ്ടാവാതിരിക്കാൻ നിർവഹണ ഉദ്യോഗസ്ഥനും, പഞ്ചായത്ത് ഭരണസമിതിയും ശ്രദ്ധചെലുത്തേണ്ടതാണ്.

## 3-6 ടാർ വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ 2015-16 കാലയളവിൽ നിർവഹിച്ച ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്ക് ടാർ ഉപയോഗിച്ചിട്ടുണ്ട് എങ്കിലും ഇത് ശരിയായ അളവിലാണോ ഉപയോഗിച്ചത് എന്ന് പരിശോധിക്കുവാൻ ടാർ വാങ്ങിയതിന്റെ ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിൽ ഹാജരാക്കിയില്ല.

1) മുളംപള്ളിക്കോണം റോഡ് ടാറിംഗ്
എം.ബുക്ക് - 355/15-16
എസ്റ്റിമേറ്റ് - 400000/-
കൺവീനർ - രാജേഷ്
പ്രോജക്ട് - 65/16
ബിൽ നം. - 75/AE/16.1.2016
തുക - 400000
2) മണ്ണടിക്കോണം പാപ്പാക്കോട് റീടാറിംഗ്
എം.ബുക്ക് - 07/15-16
എസ്റ്റിമേറ്റ് - 500000/-
കൺവീനർ - അജുകുമാർ
പ്രോജക്ട് - 114/16
ബിൽ നം. - 108/AE/26.3.2016
തുക - 50000/-
3) അച്ചുത്തുകോണം പുന്നാവൂർ റോഡ് ടാറിംഗ്
എം.ബുക്ക് - 508//15-16
എസ്റ്റിമേറ്റ് - 200000/-
കൺവീനർ - സുഗതൻ
പ്രോജക്ട് - 80/16
ബിൽ നം. - 105/AE/22.3.2016
തുക - 200000/-
4) പറക്കോണം മുളംപള്ളിക്കോണം റോഡ് റീടാറിംഗ്
എം.ബുക്ക് - 360//15-16
എസ്റ്റിമേറ്റ് - 300000/-
കൺവീനർ - രാജേഷ്
പ്രോജക്ട് - 63/16
ബിൽ നം. - 77/AE/15.1.2016
തുക - 300000/-

മേൽ വിവരിച്ചിരിക്കുന്ന പ്രവൃത്തികളുടെ ചെലവ് രേഖ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24 തീയതി 10.11.2016 ന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുകയായ 950000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കുന്നതിൽ കാലതാമസം

വർക്ക് ബില്ലുകളിൽ നിന്ന് ഈടാക്കുന്ന നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കാലതാമസം കൂടാതെ ഒടുക്ക് വരുത്തുന്നതിൽ ശ്രദ്ധ നൽകേണ്ടതാണ്. 2015-16 സാമ്പത്തിക വർഷം ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ബോർഡിന് തൊഴിലാളി ക്ഷേമത്തിന് വേണ്ടി വിനിയോഗിക്കാവുന്ന തുക ഡിഡി രൂപത്തിൽ അധിക കാലം കൈവശം വയ്ക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്ക് ബില്ലുകളിൽ നിന്ന് തുക ഈടാക്കുന്ന തീയതി | ബോർഡിൽ അടച്ച തീയതി | തുക | ഡിഡി നം. |
|---|---|---|---|
| 04.12.2015 | 06.2.2016 | 1793 | 665550/04.12.2015 |
| 15.2.2015 | 16.4.2016 | 4670 | 510198/15.2.2015 |
| 15.2.2015 | 16.4.2016 | 9860 | 510199/15.2.2015 |

കൂടാതെ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ബോർഡിൽ അടവാക്കുന്നത് സംബന്ധിച്ച് പ്രവൃത്തിയുടെ പേര്, തുക , ഡിഡി നം. , തുക ഈടാക്കിയ തീയതി, ബോർഡിൽ ഒടുക്കുന്ന തീയതി എന്നീ വിവരങ്ങൾ ലഭ്യമാക്കുന്ന തരത്തിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-8 "അതുല്യം" സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി - 200000/- രൂപ തടസ്സപ്പെടുത്തുന്നു

2015-16 കാലയളവിൽ മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ അതുല്യം പദ്ധതിയുമായി ബന്ധപ്പെട്ട് ബിൽ നം. 9/15-16 തീയതി 14.12.2016 പ്രകാരം 200000/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ പിൻവലിക്കുകയും അതിൽ നിന്നും 1.1.2016ൽ ചെക്ക് നം. 666178/1.1.2016 പ്രകാരം 150000/- സാക്ഷരതാ കൺവീനർ ശ്രീമതി കെ. പ്രേമ കൈപ്പറ്റുകയും ചെയ്തു. ഈ തുക 31 ഇൻസ്ട്രക്ടർമാർ 4 മാസത്തേയ്ക്ക് ഒരു മാസം 1000/- രൂപ ക്രമത്തിൽ ഒരാൾക്ക് 4000/- രൂപ വച്ച് 31 പേർക്ക് (31x4000) 124000/- രൂപയും 2 പ്രേരക്, 2 അസി. പ്രേരക് എന്നിവർക്ക് 6 മാസത്തേയ്ക്ക് ഒരാൾക്ക് 1000/- രൂപ ക്രമത്തിൽ (1000 x 6) 6000/- രൂപ വച്ച് 4 പേർക്ക് 24000/- രൂപയും ചേർത്ത് 148000/- രൂപ ചെലവഴിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 150000/- രൂപ കൈപ്പറ്റിയ സാക്ഷരതാ കൺവീനർ 148000/- രൂപയുടെ ചെലവ് കണക്കുകളാണ് ഹാജരാക്കിയത്. ഇതിൽ കുറവുള്ള 2000/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

2) മേൽ വിവരിച്ച 148000/- രൂപ വിവിധ ഇൻസ്ട്രക്ടർമാർ കൈപ്പറ്റിയതിന്റെ രേഖകൾ ഒഴികെ പഠിതാക്കളുടെ വിവരങ്ങൾ ഓരോ ഇൻസ്ട്രക്ടറും നടത്തിയ പ്രവർത്തന രജിസ്റ്റർ, പരിക്ഷാ വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല.

3) പദ്ധതിയ്ക്ക് പിൻവലിച്ച 200000/- രൂപയിൽ 150000/- കഴിച്ച് ബാക്കിയുള്ള 50000/- രൂപ പുസ്തകങ്ങൾ വാങ്ങുന്നതിനും 850 പഠിതാക്കളുടെ സംഗമം നടത്തിയതിനുള്ള ചെലവായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പുസ്തകങ്ങൾ വാങ്ങിയതിന്റെ രേഖകൾ അപൂർണ്ണമാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 28, തീയതി 11.11.2016 ൽ നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാക്കിയില്ല. അതുല്യം പദ്ധതിയുമായി ബന്ധപ്പെട്ട് പിൻവലിച്ച 200000/- രൂപയുടെ ചെലവുമായി ബന്ധപ്പെട്ട രേഖകൾ വൗച്ചറുകൾ മുതലായവ ഓഡിറ്റിൽ ഹാജരാക്കുന്നത് വരെ ടി തുക തടസ്സപ്പെടുത്തുന്നു.

## 3-9 പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല. 301766/- രൂപ തടസ്സപ്പെടുത്തുന്നു

ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്കായി നിർവഹണ ഉദ്യോഗസ്ഥനായിട്ടുള്ള ഹെഡ് മാസ്റ്റർ ബിൽ ബുക്ക് പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്. ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

1) തുടർസാക്ഷരതാ പദ്ധതി :- ബിൽ നം. 12/15-16 തീയതി 23.3.2016 പ്രകാരം 30000/- രൂപ പിൻവലിച്ചു. ഡിഡി നം. 511494/23.3.2016 പ്രകാരം ജില്ലാ സാക്ഷരതാ മിഷൻ കോ. ഓഡിനേറ്റർ കൈപ്പറ്റിയിട്ടുണ്ട്. പഠിതാക്കളുടെ വിവരം, ഫീസ് ഒടുക്കിയ രസീതിന്റെ കോപ്പി, പരീക്ഷ എഴുതിയവരുടെ എണ്ണം ഇവ ഹാജരാക്കേണ്ടതാണ്.

2) ബിൽ നം. 3/15-16 തീയതി 24.8.2015 പ്രകാരം 50000/- രൂപ പത്താംക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭക്ഷണം നൽകുന്നതിലേയ്ക്ക് പിൻവലിച്ചു. ചെലവു രേഖകൾ ഹാജരാക്കണം.

3) ബിൽ നം. 4/15-16 തീയതി 24.8.2015 പ്രകാരം 72000/- രൂപ പിൻവലിച്ചു. എസ്. ടി. കുട്ടികൾക്ക് മേശ, കസേര വാങ്ങൽ. ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്.

4) ബിൽ നം. 8/15-16 തീയതി 14.12.2015 പ്രകാരം 149766/- രൂപ ബഡ്സ് സ്കൂളിനു ഉച്ച ഭക്ഷണം നൽകൽ, ഹോണറേറിയം നൽകൽ, ട്രാൻസ്പോർട്ടേഷൻ എന്നിവയ്ക്കായി പിൻവലിച്ചു. രേഖകൾ ഹാജരാക്കേണ്ടതാണ്.

ചെലവ് തുക 301766/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം - ഊരൂട്ടമ്പലം യു.പി. സ്കൂൾ - അപാകതകൾ - നഷ്ടം രൂ. 11018/-

പ്രോജക്റ്റ് നം. - 187/2016
എം. ബുക്ക് നം. - 479/15-16
കരാറുകാരൻ - അനിൽ
ടെണ്ടർ - 3.61% (കുറവ്)
അടങ്കൽ - 954778/- (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ് - 954778/-
ബിൽ നം. - 100/15-16 തീയതി 1.3.2016 രൂ.954778/-
ഡിഡി നം. - 510884/3.3.2016 രൂ. 897491/-
നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ
ഡി.എസ്.ആർ. - 2013

*അപാകതകൾ*

1) പ്ലാസ്റ്ററിംഗിന് ഉയർന്ന നിരക്ക് നൽകി.

ആർ.സി.സി. വർക്കിന് നൽകേണ്ട സിമന്റ് പ്ലാസ്റ്ററിന് ബ്രിക് വർക്കിന് ഉപയോഗിക്കുന്ന 1:4, 12mm കനത്തിലുള്ള പ്ലാസ്റ്ററിംഗ് നടത്തിയതിനാൽ താഴെ പറയും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

Pillar - 8.16 $m^2$
Pillar - 11.00 $m^2$
Beam side - 6.6 $m^2$
shade - 2.66 $m^2$
Total -28.42 $m^2$
നൽകിയ നിരക്ക് : 28.42 $m^2$ @ 246.14/$m^2$ = 6995/-
നൽകാവുന്ന നിരക്ക് : 28.42 $m^2$ @ 192.44/$m^2$ = 5469/-
വ്യത്യാസം : 1526
ടെണ്ടർ കുറവ് (3.61%) : 55/-
അധികം നൽകിയത് : 1471/-

## 3-11 കുഴിവിള അംഗൻവാടിയ്ക്ക് ചുറ്റുമതിലും - അനുബന്ധ പദ്ധതികളും - അപാകതകൾ - നഷ്ടം 6254/- രൂപ തടസ്സം 17983/-

പ്രോജക്റ്റ് നം. - എസ്.ഒ. 160/2015-16
അടങ്കൽ - 200000/- (ധനകാര്യ കമ്മീഷൻ അവാർഡ് രൂ. 82159)
(മെയിന്റനൻസ് റോഡ് ഇതരം രൂ. 117841 )
ചെലവ് - 200000/-
കൺവീനർ - വിജയകുമാർ
എം. ബുക്ക് നം. - 833/2014-15
ബിൽ നം - 4/AE/15-16 dated 31.7.2015 - 82159/-
5/AE/15-16 dated 22.8.2015 - 74654/-
13/AE/15-16 dated 25.8.2015 - 43187/-
ഡിഡി നം. 405610 തീയതി 13.9.2015 - 40334/-

മേൽ സൂചിപ്പിച്ച പദ്ധതിയുടെ വർക്ക് ഫയൽ പരിശോധിച്ചതിൽ നിന്നും പ്രാദേശിക പരിശോധന നടത്തിയതിൽ നിന്നും ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) *ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി*

എം. ബുക്ക് പേജ് നം. 25ൽ ബ്രിക്ക് വർക്കിന് മുകളിലായി 1:4, 12mm സിമന്റ് പ്ലാസ്റ്ററിന് 33.88 $m^2$ ന് 184.62/$m^2$ നിരക്കിൽ 6254/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത പ്രവൃത്തി നിർവഹിച്ചിട്ടില്ലെന്ന് ബോധ്യമായി. ഈ തുക കൺവീനറിൽ നിന്നോ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

2) *എസ്റ്റിമേറ്റ് റേറ്റിൽ അധികരിച്ച് പ്രവൃത്തി നിർവഹിച്ചു. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയില്ല.*

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ. (പി.) 2012/പി.ഡബ്ല്യു.ഡി/ 1.2.2012 സെക്ഷൻ 1601-1-6

പ്രകാരം ഒരു ഇനം പ്രവൃത്തി ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും 5% അധികരിച്ചാലോ, സാങ്കേതിക അനുമതി ലഭ്യമായ ശേഷം ഏതെങ്കിലും ഇനം ഒഴിവാക്കുകയോ മാറ്റം വരുത്തുകയോ ചെയ്താലോ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. (റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പൂർത്തീകരണം വരെയോ പൂർത്തീകരണത്തിനോടടുക്കുന്നതിനോ കാത്തിരിക്കേണ്ടതില്ല.)

എം. ബുക്ക് പേജ് 20ൽ " Random rubble masonrywith hard stone in fondation and plinth including leveling up with cement concrete 1:6, 12mm size upto plinth level (DSR 7.1.1) എന്ന പ്രവൃത്തിയ്ക്ക് ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും 5% അധികരിച്ചിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി വാങ്ങാതെ നിർവഹണം നടത്തി.

<u>പ്രവൃത്തിയുടെ വിവരം ചുവടെ ചേർക്കുന്നു.</u>

എസ്റ്റിമേറ്റ് പ്രകാരം അനുമതി ലഭിച്ചത് - 12.825 m□ @ 4092.60 m□ : 52488/-

അധികരിക്കാവുന്നത് (5%) - 13.466 m□ @ 4092.60 m□ : 55110/-

എം. ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തി - 17.86 m□ @ 4092.60/ m□ : 73093/-

അധികം നൽകിയ തുക - 17983/- (73093 – 55110)

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കാതെ നിർവഹണം ചെയ്ത് നൽകിയ തുക 17983/- രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു.

3) *<u>അനുവദനീയമായതിലും ഉയർന്ന അളവിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹിച്ചു.</u>*

എം.ബുക്ക് item no.7 "Solid block masonary in best quality hollow blocks of size 40 x 20 x 20 including cost and conveyanace etc complete above plinth level എന്ന ഇനം പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് പ്രകാരം 9.20 എം$^3$ ന് @4748.49 എം$^3$ നിരക്കിൽ 43686/- രൂപയ്ക്ക് അനുമതി വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ ഇനം പ്രവൃത്തി 1.77 എം$^3$ @ 4748.49/എം$^3$നിരക്കിൽ 8404.83/- മൂല്യത്തിന് മാത്രമാണ് ചെയ്തിട്ടുള്ളത്. വേണ്ടത്ര രീതിയിൽ പഠനം നടത്താതെ തെറ്റായ രീതിയിൽ ഉയർന്ന അളവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4) *<u>ഡിഡിയുടെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടില്ല.</u>*

ഈ പ്രവൃത്തിയ്ക്ക് ബിൽ ബുക്ക് പ്രകാരം 3 തവണ തുക പിൻവലിച്ചിട്ടുണ്ട്. എന്നാൽ കൺവീനർക്ക് നൽകിയ തുകയുടെ ഒരു ഡിഡി പകർപ്പ് മാത്രമാണ് ഫയലിനൊപ്പം സൂക്ഷിച്ചിട്ടുള്ളത്. മറ്റ് രണ്ട് ഡിഡി പകർപ്പുകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ ഓഡിറ്റ് അന്വേഷണം നം.23 തീയതി 10.11.2016 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് നൽകിയ തുക 6254/- രൂപ ഈടാക്കേണ്ടതാണ്. മാത്രമല്ല, റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവൃത്തി നിർവഹിച്ച് അധികം നൽകിയ തുക 17983/- രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു.

## 3-12 <u>ഇ.എം.എസ്. ഭവന പദ്ധതി - 392827/- രൂപ സഹകരണ ബാങ്കുകളിൽ നിർജ്ജീവമായി സൂക്ഷിക്കുന്നു</u>

ഗ്രാമപഞ്ചായത്തിലെ ഇ.എം.എസ്. ഭവന പദ്ധതിയുടെ നിർവഹണത്തിനായി പ്രസിഡന്റിന്റെയും സർക്കിൾ-1 വി.ഇ.ഒ. യുടെയും പേരിൽ ജോയിന്റ് അക്കൗണ്ടായി കണ്ടല സർവ്വീസ് സഹകരണ ബാങ്ക് (അക്കൗ. നം. 010005452) ഊരൂട്ടമ്പലം സർവ്വീസ് സഹകരണ ബാങ്ക് (അക്കൗണ്ട് നം. 5359) എന്നിവിടങ്ങളിലായി ആകെ 392827/- രൂപ ബാലൻസുണ്ട്. പ്രസ്തുത അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ യഥാക്രമം 04/2015, 03/2015 തീയതികൾക്ക് ശേഷം അക്കൗണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുള്ളതായി കാണുന്നില്ല. പ്രസ്തുത അക്കൗണ്ടുകളുടെ പാസ്ബുക്കുകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

# ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1. <u>സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)</u>

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| ഐ.സി.ഡി.എസ്. | | 322500 | 2/16 അംഗൻവാടി പോഷകാഹാര വിതരണം | 457700 | --- |
| ബ്ലോക്ക് പഞ്ചായത്ത് | | 25000 | 126/16 ബഡ് സ്കൂൾ കുട്ടികൾക്ക് സ്കോളർഷിപ്പ് | 25000 | --- |
| ജില്ലാ പഞ്ചായത്ത് | | 150000 | 179/16 ബഡ് സ്കൂൾ വാഹന വാടക | 150000 | -- |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | അംഗൻവാടി വൈദ്യുതീകരണം | 09/16 | 49500 | 49500 | --- |
| കെ.എസ്.ഇ.ബി. | വൈദ്യുത ലൈൻ നീട്ടൽ | 10/16 | 353405 | 353405 | --- |
| പി.ഡബ്ല്യൂ.ഡി. (ഇലക്ട്രിക്കൽസ്) | പഞ്ചായത്ത് കെട്ടിടം വൈദ്യുതീകരണം | 117/16 | 277200 | 277200 | --- |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | തുക | മുതൽ | പലിശ | തുക |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.275/10/ എൽഎസ്ജി.ഡി. തീയതി 27.1.2010 | 22881000 | 9780268 | 7492168 | -- | 2288100 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 101140106.55 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 86668707.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 1107.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 109898.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2398691.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 300 | --- | ശ്രീമതി ത്രേസ്യാമ്മ ആന്റണി,<br>സെക്രട്ടറി |
| 2-6 | 807 | ---- | -ടി- |
| 3-3 | ---- | 92626 | ശ്രീ. ലിജു. എൽ.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | ---- | 11018 | -ടി- |

| | | | |
|---|---|---|---|
| 3-11 | ----- | 6254 | -ടി- |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 422202 | ശ്രീമതി ത്രേസ്യാമ്മാ ആന്റണി, സെക്രട്ടറി |
| 3-4 | 499000 | ശ്രീ. ലിജു. എൽ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | 950000 | -ടി- |
| 3-8 | 200000 | ശ്രീ. വിവേകാനന്ദൻ, ഹെഡ് മാസ്റ്റർ |
| 3-9 | 301766 | ശ്രീ. വിവേകാനന്ദൻ, ഹെഡ് മാസ്റ്റർ |
| 3-17 | 17983 | ശ്രീ. ലിജു. എൽ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ത്രേസ്യാമ്മ ആന്റണി, സെക്രട്ടറി | | "ചോലയിൽ" മുതിയാവിള, കാട്ടാക്കട (പി.ഓ.) |
| ശ്രീ. ലിജു.എൽ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | | "ആദിവില്ല" ബാങ്ക് കോളനി, പാപ്പനംകോട്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പി. ഒ |

# 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽഎഫ്.റ്റിഡി.6(എ)/1236/99 | 03 | |
| 1998-99 | എൽഎഫ്.റ്റിഡി.6(എ)/850/00 | 6 | |

| | | | |
|---|---|---|---|
| 1999-00 | എൽഎഫ്.റ്റിഡി.6(എ)/880/01 | 15 | |
| 2000-01 | എൽഎഫ്.റ്റിഡി.ജി.പി.1/258/02 | 12 | |
| 2001-02 | എൽഎഫ്.റ്റിഡി.ജി.പി.4/328/03 | 9 | |
| 2002-03 | എൽഎഫ്.റ്റിഡി.ജി.പി.4/884/06 | 2 | |
| 2003-04 | എൽഎഫ്.റ്റിഡി.ജി.പി.4/884/06 | 3 | |
| 2004-05 | എൽഎഫ്.റ്റിഡി.ജി.പി.4/1224/07 | 5 | |
| 2005-06 | എൽഎഫ്.റ്റിഡി.ജി.പി.4/1125/08 | 7 | |
| 2006-07 | എൽഎഫ്.റ്റിഡി.ജി.പി.4/1051/09 | 8 | |
| 2007-08 | എൽഎഫ്.റ്റിഡി.ജി.പി.4/747/15 | 7 | |
| 2008-09 | എൽഎഫ്.റ്റിഡി.ജി.പി.4/748/11 | 8 | |
| 2009-10 | എൽഎഫ്.റ്റിഡി.ജി.പി.4/2413/12 | 17 | |
| 2010-11 | എൽഎഫ്.റ്റിഡി.ജി.പി.4/2640/11 | 15 | |
| 2011-12 | എൽഎഫ്.റ്റിഡി.ജി.പി.4/2568/13 | 13 | |
| 2012-13 | എൽഎഫ്.റ്റിഡി.ജി.പി.4/1863/14 | 23 | |
| 2013-14 | എൽഎഫ്.റ്റിഡി.ജി.പി.4/881/2015 | 16 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1051/2016 | | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015–16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015–16 -ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

1) ആസ്തികളുടെ മൂല്യനിർണയം നടത്തിയിട്ടില്ല.

2) സ്റ്റോക്ക് & സ്റ്റോർസ് മൂല്യാധിഷ്ഠിതമായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്